**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2764** **28-02-2023 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ സംസ്ഥാന സർക്കാരിന് കീഴിലുള്ള ദേവസ്വം ബോർഡുകളുടെ എണ്ണം എത്ര; വ്യക്തമാക്കാമോ; | (എ) | 5എണ്ണം<br>1.തിരുവിതാംകൂർ ദേവസ്വം ബോർഡ്,<br>2. കൊച്ചിൻ ദേവസ്വം ബോർഡ്<br>3. മലബാർ ദേവസ്വം ബോർഡ്,<br>4. ഗുരുവായൂർ ദേവസ്വം,,<br>5. കടൽമാണിക്യം ദേവസ്വം, |
| (ബി) | പ്രസ്തുത ദേവസ്വം ബോർഡുകളുടെ കീഴിൽ എത്ര ക്ഷേത്രങ്ങളുണ്ട്; ദേവസ്വം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | തിരുവതാംകൂർ ദേവസ്വം ബോർഡ് - ഏകദേശം 1250 ക്ഷേത്രങ്ങൾ<br>മലബാർ ദേവസ്വം ബോർഡ് - 1403 ക്ഷേത്രങ്ങൾ<br>കൊച്ചിൻ ദേവസ്വം ബോർഡ് - 406ക്ഷേത്രങ്ങൾ<br>ഗുരുവായൂർ ദേവസ്വം - ഗുരുവായൂർ ക്ഷേത്രവും 11 കീഴേടം ക്ഷേത്രങ്ങളും<br>കൂടൽമാണിക്യം ദേവസ്വം- കൂടൽമാണിക്യം ക്ഷേത്രവും 11 കീഴേടം ക്ഷേത്രങ്ങളും |
| (സി) | പ്രസ്തുത ദേവസ്വം ബോർഡുകളുടെ കീഴിൽ എത്ര ഹെക്ടർ ഭൂമി വെറുതെ കിടക്കുന്നു; ദേവസ്വം തിരിച്ച് വ്യക്തമാക്കുമോ; | (സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ അധീനതയിൽ ഏകദേശം 155 ഹെക്ടർ 49 ആർ തരിശ് ഭൂമിയിട്ടുണ്ട്.മലബാർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ ഭൂമി ഇല്ല. മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ സർവ്വേ റിപ്പോർട്ട് പ്രക രം 1123 ക്ഷേത്രങ്ങളുടെ കൈവശത്തിൽ 3112. 20 ഏക്കർ ഭൂമി ഉണ്ട്. ഇപ്രകാരം ക്ഷേത്രങ്ങളുടെ കൈവശത്തിലുള്ള ഭൂമിയിൽ വെറുതെ കിടക്കുന്ന ഭൂമി സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | സർവ്വ റിപ്പോർട്ടുകളോ മറ്റ് ആധികാരികമായ രേഖകളോ തയ്യാറാക്കിയിട്ടില്ല.<br><br>കൊച്ചിൻ ദേവസ്വം ബോർഡ് ദേവസ്വങ്ങളിലെ തനത് രജിസ്റ്റർ പ്രകാരം ഒട്ടാകെ 1313.46ഏക്കർ ഭൂമി ഉള്ളതാണ്.<br><br>കൂടൽമാണിക്യം ദേവസ്വം വക ഏകദേശം 10 ഏക്കർ തരിശ് ഭൂമി ഉണ്ട് |
| (ഡി) | ഇപ്രകാരം ദേവസ്വത്തിന് കീഴിൽ വെറുതെ കിടക്കുന്ന മുഴുവൻ ഭൂമിയിലും ക്ഷേത്രങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്കുള്ള പൂക്കൾ നട്ടുവളർത്തുവാനും, ധാന്യങ്ങൾ കൃഷി ചെയ്യുവാനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള വിവിധ ക്ഷേത്രങ്ങളിൽ തരിശായി കിടക്കുന്ന ഭൂമിയിൽ അനുയോജ്യമായ പച്ചക്കറികളും മറ്റ് കാർഷിക വിളകളും പുഷ്പസസ്യങ്ങളും കൃഷി ചെയ്യുന്നതിലേയക്കായി<br><br>'ദേവഹരിതം ' എന്ന പേരിൽ ഒരു പദ്ധതി ആവിഷ് കരിച്ചിട്ടുള്ളതും ആയത് നടപ്പിലാക്കി വരുന്നതുമാണ്.<br><br>ഹരിതക്ഷേത്രം പദ്ധതി പ്രകാരം ചിലക്ഷേത്രങ്ങളിൽ ക്ഷേത്രാവശ്യങ്ങൾക്കുള്ള പൂക്കളും ഫലവൃക്ഷങ്ങളും മറ്റും നട്ടുവളർത്തി വരുന്നുണ്ട്. ടി ഭൂമി യിൽ ക്ഷേത്രങ്ങളിലെ ക്ഷേത്രഭൂമി ക്ഷേത്ര ഉപദേശക സമിതികൾക്കും, വ്യക്തികൾക്കും ഒരു വർഷത്തേക്ക് വാഴ മുതലായവ കൃഷി ചെയ്യുന്നതിന് നിശ്ചിത സംഖ്യ ഈടാക്കി കൊണ്ട് അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ ചിലയിടത്ത് കരനെൽകൃഷി, നെൽകൃഷി എന്നിവ പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയിട്ടുള്ളതാണ്.<br><br>മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേങ്ങളുടെ ഭൂമിയിൽ പൂജാപുഷ്പങ്ങൾ വച്ച് പിടിപ്പിക്കുനം ഔഷധ സസ്യങ്ങൾ വളർത്തുന്നതിനുമുള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നുണ്ട്.<br><br>കൂടൽമാണിക്യം ദേവസ്വത്തിനു കീഴിലുള്ള തരിശ് ഭൂമിയിൽ തെങ്ങ്, വാഴ, വഴുതന, ഔഷധ സസ്യങ്ങൾ എന്നിവ കൃഷി ചെയ്യുവാനുള്ള പദ്ധതി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ